**പതിനാലാം കേരളനിയമസഭ**

**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1320** 11/06/2019 ലെ മറുപടി

**സംസ്ഥാനത്ത് എസ്.എസ്.എൽ.സി.യ്ക്ക് നൂറ് ശതമാനം വിജയം കൈവരിച്ച സ്കൂളുകളുടെ എണ്ണം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.യു. ആർ. പ്രദീപ്: | പ്രൊഫ.സി.രവീന്ദ്രനാഥ് (പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) ഈ വർഷം സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ എസ്. എസ്.എൽ.സി.യ്ക്ക് നൂറ് ശതമാനം വിജയം കൈവരിച്ച എത്ര സ്കൂളുകളുണ്ട്; | (എ) ഈ വർഷം സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ എസ്. എസ്.എൽ.സി.യ്ക്ക് നൂറ് ശതമാനം വിജയം കൈവരിച്ച 1312 സ്കൂളുകളുണ്ട്. |
| (ബി) ഇതിൽ സർക്കാർ സ്കൂളുകൾ എത്ര; എയ്ഡഡ് സ്കൂളുകൾ എത്ര എന്ന് പ്രത്യേകം വ്യക്തമാക്കാമോ; | (ബി) 100% വിജയം കൈവരിച്ച സർക്കാർ സ്കൂളുകളുടെ എണ്ണം:599<br>100% വിജയം കൈവരിച്ച എയ്ഡഡ് സ്കൂളുകളുടെ എണ്ണം:713 |
| (സി) വിജയ ശതമാനം കുറഞ്ഞ സർക്കാർ-എയ്ഡഡ് ഹൈസ്കൂളുകളിൽ വിജയശതമാനം ഉയർത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശം വ്യക്തമാക്കുമോ ? | (സി) വിജയശതമാനം കുറഞ്ഞതായി കാണുന്ന സ്കൂളുകളിലെ പ്രശ്നങ്ങൾ പ്രാദേശികമായി പരിഹരിക്കപ്പെടേണ്ടതാണ്. ഇതിനായി അതാത് സ്കൂളുകൾ ഉൾപ്പെടുന്ന പ്രാദേശിക ഭരണകൂടങ്ങൾ, പി ടി എ കൾ, അദ്ധ്യാപക കൂട്ടായ്മകൾ എന്നിവ വിവിധങ്ങളായ പരിപാടികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നു. കൂടാതെ വിജയശതമാനം ഉയർത്തുന്നതിനായി ശ്രദ്ധ എന്ന പദ്ധതിയിലൂടെ |

വിവിധ പ്രവർത്തനങ്ങൾ പൊതു വിദ്യാഭ്യാസ വകുപ്പ് നടത്തി വരുന്നു. വിജയശതമാനം കുറഞ്ഞ സ്കൂളുകളിൽ പഠന പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനായി സ്കൂൾ പ്രവർത്തി സമയത്തിനു ശേഷം പ്രത്യേക പഠന ക്ലാസ്സുകൾ നടത്തി വരുന്നുണ്ട്.

സെക്ഷൻ ഓഫീസർ